"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- അടൂർ ഗോപാലകൃഷ്ണൻ സംവിധാനം ചെയ്ത സ്വയംവരം എന്ന ചലച്ചിത്രത്തിന്റെ 50-ാം വാർഷികാഘോഷത്തിന് പത്തനംതിട്ട ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.192/2023/LSGD തീയതി,തിരുവനന്തപുരം, 23-01-2023

---

പരാമർശം:- 1. സ്വയംവരം എന്ന ചലച്ചിത്രത്തിന്റെ 50- ാം വാർഷികാഘോഷസമിതി കൺവീനർ ശ്രീ.ബാബു ജോൺ സമർപ്പിച്ച 04.01.2023- ലെ അപേക്ഷ.

**ഉത്തരവ്**

അടൂർ ഗോപാലകൃഷ്ണൻ സംവിധാനം ചെയ്ത സ്വയംവരം എന്ന ചലച്ചിത്രത്തിന്റെ 50- ാം വാർഷികം അടൂരിൽ വിപുലമായ രീതിയിൽ ആഘോഷിക്കുന്നതിനായി പത്തനംതിട്ട ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവനകൾ നൽകുന്നതിനാവശ്യമായ അനുമതി നൽകണമെന്ന് വാർഷികാഘോഷസമിതി കൺവീനർ പരാമർശം പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അടൂർ ഗോപാലകൃഷ്ണൻ സംവിധാനം ചെയ്ത സ്വയംവരം എന്ന ചലച്ചിത്രത്തിന്റെ 50- ാം വാർഷികാഘോഷത്തിന് പത്തനംതിട്ട ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാനത്തിന് വിധേയമായി പരമാവധി 5000/- രൂപ വരെ (അയ്യായിരം രൂപ) നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

ഡയറക്ടർ, എൽ.എസ്.ജി.ഡി(റൂറൽ).
ഡയറക്ടർ, എൽ.എസ്.ജി.ഡി(അർബൻ).
കൺവീനർ, 50- ാം വാർഷികാഘോഷസമിതി കൺവീനർ.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sheeba Beegom.a.m
Date: 23-01-2023 16:01:16

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്.